# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1669**

**21.01.2014 - ൽ മറുപടിക്ക്**

### കൃഷി ഫാമുകളുടെ ശാക്തീകരണം

**ചോദ്യം**

ശ്രീ.എ.റ്റി.ജോർജ്
ശ്രീ.റ്റി.എൻ. പ്രതാപൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. പി.സി.വിഷ്ണുനാഥ്

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| **എ)** സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ; | **എ)** സംസ്ഥാനത്തെ കൃഷി ഫാമുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 23/12/2013-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടേയും എല്ലാ ഫാം ഓഫീസർമാരുടെയും കാർഷികോല്പാദന കമ്മീഷണർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും താഴെപറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. |

1. വിവിധ തസ്തികകളുടെ അഭാവം കൃഷി വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ഫാമുകളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
2. വേണ്ടത്ര വാഹനങ്ങളുടെ അഭാവം ഫാമുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നു എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജീപ്പുകളോ ബൈക്കുകളോ അനുവദിച്ച് ഫാമിന്റെ പ്രവർത്തനം സുഗമമാക്കുന്നതാണ്.
3. രേഖകൾ പ്രകാരം ഫാമുകൾക്ക് അവകാശപ്പെട്ട ഭൂമി യഥാർത്ഥത്തിൽ കാണുന്നില്ല എന്ന വസ്തുത മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ സർവ്വേ നടത്തി അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
4. എല്ലാ കൃഷി ഫാമുകളിലും കുറഞ്ഞത് 10 പശുക്കളെങ്കിലും ഉള്ള കാറ്റിൽ ഫാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
5. ഫാമുകളിൽ അടിയന്തിര ഘട്ടങ്ങളിൽ സൂപ്രണ്ടുമാർക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ ഒരു

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഫാമുകളിൽ വികസന പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യ.ഡി.യുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.
7. ജലസേചനം ഉൾപ്പെടെയുള്ള ഫാമുകളുടെ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നതാണ്.
8. ജില്ലാ ഫാം ഉപദേശക സമിതി ജില്ലാ പഞ്ചായത്ത് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പുനസംഘടിപ്പിക്കാൻ തീരുമാനിച്ചു.
9. ഫാമുകളിൽ ഇനിമുതൽ ജൈവവളങ്ങളും, ജൈവകീടനാശിനികളും മാത്രമേ ഉപയോഗിക്കാവൂ എന്നും തീരുമാനമെടുത്തിട്ടുണ്ട്.
10. ശാക്തീകരണത്തിലും, ആധുനിക വൽക്കരണത്തിലും സൗന്ദര്യവത്ക്കരണത്തിലും ഫാമുകളുടെ ഇടയിൽ ഒരു മത്സര ബുദ്ധി ഉളവാക്കുന്നതിന് സംസ്ഥാനത്തെ കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകൾക്കിടയിൽ പ്രത്യേക സമ്മാന പദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. 2014 ജൂൺ 30 നകം കൂടുതൽ കാര്യക്ഷമവും ഉല്പാദന വിപണന മേഖലകളിൽ കൂടുതൽ മികവും കാട്ടുന്ന ഫാമുകൾക്കാണ് സമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്തുതല – വകുപ്പുതല കൃഷി ഫാമുകളുടെയിടയിൽ മികവ് തെളിയിക്കുന്നവർക്ക് ഒന്നും, രണ്ടും, മൂന്നും സമ്മാനമായി യഥാക്രമം പതിനഞ്ച് ലക്ഷം, പത്ത് ലക്ഷം, അഞ്ച് ലക്ഷം എന്നീ ക്രമത്തിൽ സമ്മാനങ്ങൾ നൽകും. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾക്ക് ഇവ യഥാക്രമം പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന ലക്ഷം എന്നീ ക്രമത്തിലായിരിക്കും സമ്മാനങ്ങൾ നല്കുന്നത്.

**ബി)** ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം:

**ബി)** 1. ആവശ്യാനുസരണം ജീപ്പുകളോ ബൈക്കുകളോ അനുവദിച്ച് ഫാമിന്റെ പ്രവർത്തനം സുഗമമാക്കുന്നതാണ്.

2. ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുവാനും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

3. ഫാമുകളുടെ വിശദമായ സർവ്വേ നടത്തി അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

4. ഫാമുകളിൽ വികസന പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യ.ഡി. യുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.

| | |
|---|---|
| **സി)** ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾക്കിടയിൽ മൽസര ബുദ്ധിയുണ്ടാവാൻ സമ്മാന പദ്ധതി ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | **സി)** ഉണ്ട്. സംസ്ഥാനത്തെ കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകൾക്കിടയിൽ പത്യേക സമ്മാന പദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2014 ജൂൺ 30 നകം കൂടുതൽ കാര്യക്ഷമവും ഉല്പാദന വിപണന മേഖലകളിൽ കൂടുതൽ മികവും കാട്ടുന്ന ഫാമുകൾക്കാണ് സമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലാ - പഞ്ചായത്തുതല - വകുപ്പുതല കൃഷി ഫാമുകളുടെയിടയിൽ മികവ് തെളിയിക്കുന്നവർക്ക് ഒന്നും, രണ്ടും, മൂന്നും, സമ്മാനമായി യഥാക്രമം പതിനഞ്ച് ലക്ഷം, പത്ത് ലക്ഷം, അഞ്ച് ലക്ഷം എന്നീ ക്രമത്തിൽ സമ്മാനങ്ങൾ നൽകും. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾക്ക് ഇവ യഥാക്രമം പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന ലക്ഷം എന്നീ ക്രമത്തിലായിരിക്കും സമ്മാനങ്ങൾ നൽകുന്നത്. |
| **ഡി)** ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | **ഡി)** മേൽപ്പറഞ്ഞ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലയിലെയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

Sreejma

**സെക്ഷൻ ഓഫീസർ**